# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ: 1674. — 16.06.2014-ൽ മറുപടിയ്ക്ക്

## വകുപ്പുകളുടെ വെബ്സൈറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സർക്കാരിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വകുപ്പുകളുടെ വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട്. സെക്രട്ടേറിയറ്റ് വകുപ്പുകൾക്കും ഫീൽഡ് വകുപ്പുകൾക്കും അവരവരുടെ പേജ് അപ്ഡേറ്റ് ചെയ്യുവാനായി യൂസർ നെയിമും പാസ്‌വേഡും നൽകുന്ന സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭരണ വകുപ്പുകൾക്ക് പരിശീലനം നൽകുകയും യൂസർ നെയിമും പാസ്‌വേഡും കൈമാറുകയും ചെയ്തിട്ടുണ്ട്. പരിശീലനം ലഭിക്കാത്ത ഭരണ വകുപ്പുകൾക്ക് പരിശീലനം നൽകുന്ന നടപടി തുടരുകയാണ്. കൂടാതെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് & ന്യൂ മീഡിയാ വിഭാഗത്തിൽ ലഭ്യമാക്കുന്ന ഉത്തരവുകളിൽ അനുബന്ധ വിവരങ്ങളും ഈ വിഭാഗത്തിൽ നിന്ന് അപ്ഡേറ്റ് ചെയ്യുന്നുണ്ട്. |
| (ബി) സെക്രട്ടേറിയറ്റ് ഒഴികെയുള്ള ഓഫീസുകളിൽ വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) & (സി) |
| (സി) ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസുകളാണെന്ന് കണ്ടെത്തി വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | ഇല്ല. സെക്രട്ടേറിയറ്റ് ഇതര വകുപ്പുകളുടെ വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നത് അതാത് വകുപ്പാണ്. ആയതിനാൽ ഇതു സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(signature)

**സെക്ഷൻ ഓഫീസർ.**